# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 8290/24 തിയ്യതി : 29.03.2025

**ഹാജർ**

ടി.എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ.അസിയ.പി.കെ - മെമ്പർ

ചാക്കോള കൊച്ചപ്പൻ പയസ്
റോസ് സ്ട്രീറ്റ്
ചിയ്യാരത്ത് ജംഗ്ഷൻ പരാതിക്കാർ
കുരിയച്ചിറ
തൃശ്ശൂർ.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ 4126 എന്ന വൈദ്യുതി കണക്ഷനിൽ എസ്.എം.എസ്. താമസിച്ചു കിട്ടിയ സാഹചര്യത്തിൽ, അടയ്ക്കേണ്ടി വന്ന പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച്.

**ഫോറത്തിന്റെ നടപടികൾ :**

29.11.2024 ൽ പരാതി ഫയലിൽ സ്വീകരിച്ചു. 22.01.2025 ൽ, 2.00 പി.എം. ന് ഫോറം മുൻപാകെ ഹാജരാകുന്നതിന് പരാതിക്കാരനെ അറിയിച്ചു. എന്നാൽ പരാതിക്കാരൻ അന്ന് ഹാജരായില്ല. 03.03.2025 ന് 2.00 പി.എം. ന് ഒരിക്കൽ കൂടി ഹാജരാകുന്നതിന് അപേക്ഷകനെ അറിയിച്ചു. ഇന്നേ ദിവസവും ഹാജരായില്ല.

**വിഷയത്തിൽ കമ്പ്യൂട്ടർ വിഭാഗം സൂപ്രണ്ട് സമർപ്പിച്ച സത്യവാങ്മൂലം.**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ കൺസ്യൂമർ നമ്പർ 4126 ൽ 03.09.2024, 06.11.2024 എന്നീ തീയ്യതികളിൽ നൽകിയ ഡിമാന്റിന്റെ എസ്.എം.എസ്. മെസ്സേജ് നൽകിയിട്ടുള്ളതായി കാണപ്പെടുന്നുണ്ട്. ടിയാന്റെ ഫോൺ നമ്പർ കമ്പ്യൂട്ടർ മാസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാലാണ് 03.09.2024 ന് മുൻപ് നൽകിയ ബില്ലുകളിൽ എസ്.എം.എസ്. നൽകുവാൻ കഴിയാതിരുന്നത്. വൈദ്യുതി ബില്ലിലെ പലിശ ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാരിന് മാത്രമാണ് അധികാരമുള്ളത്. ഏത് മാസങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള ബില്ലുകളിലാണ് പലിശ ഈടാക്കിയിട്ടുള്ളതെന്ന് പരാതിയിൽ വ്യക്തതയില്ലാത്തതാണ്.

വിഷയത്തിൽ ബില്ലിങ്ങ് വിഭാഗം സൂപ്രണ്ട് സമർപ്പിച്ച സത്യവാങ്മൂലം.

4126 കണക്ഷൻ ശ്രീ. കൊച്ചാപ്പൻ എന്നയാളുടെ പേരിൽ LT VI B താരിഫിൽ നൽകിയിട്ടുള്ളതാണ്.

ടി കണക്ഷനിൽ ജൂലായ് 2024, സെപ്തംബർ 2024 ബില്ലുകൾ പിഴ കൂടാതെ അടയ്ക്കേണ്ട തിയ്യതി, യഥാക്രമം 17.07.2024, 13.09.2024 എന്നിവയാണ്. ടി തുക അവസാന തിയ്യതിക്കുള്ളിൽ അടവാക്കാത്ത സാഹചര്യത്തിലാണ് പിഴ പലിശ വന്നിട്ടുള്ളത്. ജൂലായ് 2024 ബിൽ പ്രകാരം ബിൽ തിയ്യതി 06.07.224 ഉം പിഴ കൂടാതെ അടക്കേണ്ട തിയ്യതി 17.07.2024 ഉം ഡിസ്കണക്ഷൻ തിയ്യതി 01.08.2024 ഉം ആണ്.

സെപ്തംബർ 2024 ബിൽ പ്രകാരം ബിൽ തിയ്യതി 03.09.2024 പിഴ കൂടാതെ അടയ്ക്കേണ്ട തിയ്യതി 13.09.2024, ഡിസ്കണക്ഷൻ തിയ്യതി 28.09.2024, ജൂലായ് 2024 ബിൽ തുക 875 + പലിശ, സെപ്തംബർ 2024 ബിൽ തുക 898 + പലിശ + റീ കണക്ഷൻ ചാർജ്ജും, നംബർ 2024 ബിൽ തുക 870 + പലിശ അടക്കാനുണ്ട്. മൊത്തം ബിൽ തുക 2642/- + പലിശ + റീകണക്ഷൻ ചാർജ്ജ് അടക്കാനുണ്ട്. നവംബർ 2024 ബിൽ പ്രകാരം ബിൽ തിയ്യതി 05.11.2024 ഉം പിഴ കൂടാതെ അടക്കേണ്ട തിയ്യതി 15.11.2024 ഉം ഡിസ്കണക്ഷൻ തിയ്യതി 30.11.2024 ഉം ആണ്.

വൈദ്യുതി ബില്ലിലെ പലിശ ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാരിന് മാത്രമാണ് അധികാരം എന്ന വിവരം അറിയിക്കുന്നു.

ഫോറത്തിൻെറ നിഗമനം :

യഥാസമയം ബില്ലുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ അപേക്ഷകൻ സ്ഥലത്ത് ഇല്ലാതിരുന്ന സാഹചര്യത്തിലും പരാതിക്കാരൻെറ മൊബൈൽ നമ്പർ, കൃത്യമായി രജിസ്റ്റർ ചെയ്യാതിരുന്ന സാഹചര്യത്തിലുമാണ് യഥാസമയം എസ്.എം.എസ്. സന്ദേശം ലഭിക്കാതിരുന്നത് എന്ന് മനസ്സിലാക്കുന്നു. ബില്ലുകൾ യഥാസമയം ലഭിക്കാതിരുന്ന സാഹചര്യത്തിൽ പോലും രജിസ്റ്റേർഡ് യൂസർ ആയി ഐ.ഡി., പാസ് വേഡ് എന്നിവ ഉപയോഗിച്ച് ടി.സി.ഇ.ഡി. യുടെ ഓൺലൈൻ സൈറ്റിൽ ലോഗിൻ ചെയ്താൽ ബില്ലുകൾ ഏതു സമയത്തും ലഭ്യമാകുന്ന സംവിധാനം ടി.സി.ഇ.ഡി. യ്ക്ക് ഉള്ളതായും, അതുപ്രകാരം തുക അടവാക്കാൻ സാധിക്കുന്നതാണ് എന്ന് ലൈസൻസി അറിയിച്ചു.

ഉത്തരവ് നടപടികൾ :

നിയമപ്രകാരം പലിശ ഒഴിവാക്കാൻ സാധിക്കുന്നതല്ല. യഥാസമയം തുക അടവാക്കുന്നതിനായുള്ള ടി.സി.ഇ.ഡി. യുടെ ഓൺലൈൻ സംവിധാനം, അപേക്ഷകനെ യഥാവിധി അറിയിക്കുന്നതിന് ലൈസൻസിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിഷ്ണുകൃഷ്ണൻ.കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |